അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ : വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങേക്ക് 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,സംസ്ഥാന ലൈബ്രറി കൗൺസിലിലെയും ജില്ലാ ലൈബ്രറി കൗൺസിലുകളിലെയും താലൂക്ക് ലൈബ്രറി കൗൺസിലുകളിലെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ തീരുമാനിച്ചു. അതനുസരിച്ച്, 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 124/2011/ഉ.വി.വ. ആയി സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. എന്നാൽ, ഇതിനായുള്ള ഒരു നിയമത്തിന്റെ അഭാവത്തിൽ ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ലൈബ്രറി കൗൺസിലുകളിലെ സർവ്വീസുകൾ സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമല്ല. ആയതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദ പ്രകാരം ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം കമ്മീഷനെ അധികാരപ്പെടുത്തുന്ന ഒരു നിയമത്തിൻ കീഴിൽ മാത്രമേ ലൈബ്രറി കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങളുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, പ്രസ്തുത ആവശ്യത്തിനായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് 2014 ജൂലൈ 20-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2014 ജൂലൈ 20-ാം തീയതിയിലെ 1857-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2014-ലെ 19-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ ഓർഡിനൻസിന് പകരമുള്ള ബിൽ സഭയുടെ പരിഗണയ്ക്കായി അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, പ്രത്യേക സാഹചര്യത്തിൽ കേരള നികുതി ചുമത്തൽ നിയമങ്ങൾ ബിൽ സംബന്ധിച്ച് ഉടൻ തന്നെ സബ്ജക്ട് കമ്മിറ്റി കൂടേണ്ടതായിട്ടുണ്ട്. നിയമസഭ കഴിഞ്ഞ് രണ്ട് സബ്ജക്ട് കമ്മറ്റികൾ കൂടേണ്ടതായിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ ഈ ബിൽ ചർച്ച കൂടാതെ പാസ്സാക്കുന്നതാണ് ഉണകരം. രണ്ട് സബ്ജക്ട് കമ്മിറ്റികളും കൂടിയിട്ട് തിരിച്ചുവരുമ്പോൾ ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്യാം. പ്രതിപക്ഷാംഗങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷാംഗങ്ങൾ: യോജിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്ജ്): സർ, എല്ലാവരും യോജിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാം.

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന് നാളെ 80 വയസ്സ് തികയുകയാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന് ജന്മദിനാശംസകൾ നേരുന്നു.

ഓർഡർ, ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.25-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly